**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 402** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി പാർക്കുകളിൽ ബാർ ലൈസൻസ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിനും ആയതിനുള്ള മാനദണ്ഡങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും 2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. |
| (ബി) | ഏതൊക്കെ ഐ.ടി. പാർക്കുകൾക്കാണ് ബാർ ലൈസൻസ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് ഇപ്രകാരം ബാർ ലൈസൻസ് നൽകുന്നത്; വിശദാംശം നൽകുമോ; | (സി) | ചട്ട രൂപീകരണം പുരോഗതിയിലാണ്. |
| (ഡി) | ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ? | (ഡി) | ചട്ട രൂപീകരണം പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ